നിയമസഭാനടപടികൾ

അഞ്ചാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

1979 മാർച്ച് 5, തിങ്കൾ

വാല്യം XLVII] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 12

നിയമസഭ 1979 മാർച്ച് 5-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30 നു ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ അസംബ്ലി ചേംബറിൽ കൂടി.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകുന്ന ഉത്തരങ്ങൾ

പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ അംഗീകാരം

*256 [271] ശ്രീ. പി. കെ. ചാത്തൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഹരിജനക്ഷേമ-സാമൂഹ്യ വികസന വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാനങ്ങളിൽ പട്ടികജാതിക്കാരോ, പട്ടിക വർഗ്ഗക്കാരോ ആയി പരിഗണിക്കപ്പെട്ടവർ ആ സംസ്ഥാനം വിട്ടു മറെറാരു സംസ്ഥാനത്ത് സ്ഥിരതാമസമാക്കിയാൽ അവരെ പുതിയ സംസ്ഥാനത്തിലെ പട്ടികജാതിക്കാരോ പട്ടികവർഗ്ഗക്കാരോ ആയി അംഗീകരിക്കപ്പെടാവുന്നതല്ലെന്ന കേന്ദ്ര ഗവൺമെൻറിൻെറ നിർദ്ദേശം ബഹുമാനപ്പെട്ട ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ ഈ ഗവൺമെൻറ് ഇക്കാര്യത്തിൽ എന്തു തീരുമാനം എടുത്തിട്ടുണ്ട്?

ഹരിജനക്ഷേമവും സാമൂഹ്യ വികസനവും വകുപ്പു മന്ത്രി (ശ്രീ. ദാമോദരൻ കാളാശ്ശേരി):

(എ) ഉണ്ട്.

(ബി) ഇക്കാര്യം ഗവൺമെൻറ് ഗസറ്റ് വിജ്ഞാപനം വഴി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ വിജ്ഞാപനത്തിൻെറ കോപ്പി എല്ലാ കളക്ടർമാർക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും മറ്റു ബന്ധപ്പെട്ട അധികാരികൾക്കും അയച്ചു കൊടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ .ചാത്തൻ മാസ്റ്റർ: മറ്റു സംസ്ഥാനങ്ങളിൽ പട്ടികജാതിക്കാരായിരിക്കുന്ന ആളുകൾ ഇവിടെ വന്നാൽ പട്ടികജാതിക്കാരല്ലായെന്ന് ഗവൺമെന്റ് പ്രഖ്യാപിച്ചിരിക്കേ അത്തരം സമുദായത്തിൽപെട്ട ആളുകൾക്ക് പട്ടികജാതിക്കാരാണെന്ന സർട്ടിഫിക്കറ് കൊടുത്ത് ആ അടിസ്ഥാനത്തിൽ പട്ടികജാതിക്കാർക്കുള്ള സൗജന്യങ്ങൾ നൽകുന്നതായ വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

ശ്രീ. ദാമോദരൻ കാളാശ്ശേരി: ഉണ്ട്. കൊണ്ട റെഡ്ഡി എന്ന സമുദായത്തെ സംബന്ധിച്ച് ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. അതിൻമേൽ ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രത്യേകമായി അന്വേഷിച്ച് കഴിഞ്ഞാഴ്ച ഹൈക്കോടതിയിൽ അതിനെ സംബന്ധിച്ചുള്ള സ്ഥിതിവിവരക്കണക്ക് സമർപ്പിച്ചിട്ടുണ്ട്.

ശ്രീ. പി.കെ. ചാത്തൻമാസ്റ്റർ: എസ്. എസ്. എൽ. സി. യും പ്രീ ഡിഗ്രിയും വരെ റെഡ്ഡ്യാർ സമുദായം അദർ ബേക്ക്വേർഡ് ക്ല സ്സായി പഠിച്ചുവന്നിട്ടുള്ളവർ ഈ കൊല്ലം മാത്രമായി അവരുടെ എസ്. എസ്. എൽ. സി. ബുക്ക് തിരുത്തി അവർ ഷെഡ്യൂൾഡ് കാസ്റ്റാണെന്നു പറഞ്ഞ് സർട്ടിഫിക്കറ് കൊടുക്കുവാനുണ്ടായ പ്രേരണ എന്താണ്; അപ്രകാരം കൊടുത്തിട്ടുള്ള സർട്ടിഫിക്കറുകളെല്ലാം റദ്ദു ചെയ്തു ഹരിജനങ്ങൾക്ക് നഷ്ടപ്പെട്ടിട്ടുള്ള സൗജന്യങ്ങൾ അവർക്കുതന്നെ കൊടുക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. ദാമോദരൻ കാളാശ്ശേരി: അതിനു വേണ്ട അടിയന്തിര നടപടി സ്വീകരിച്ചിട്ടുണ്ട്. ബോഗസ് ആയിട്ടുള്ള സർട്ടിഫിക്കറ് ആണ് ലഭിച്ചിട്ടുള്ളതെന്ന് തെളിഞ്ഞാൽ അടിയന്തിര നടപടി സ്വീകരിക്കുന്നതും കുറ്റവാളികളായ ഉദ്യോഗസ്ഥൻമാരെ കണ്ടുപിടിച്ച് മാതൃകാപരമായി ശിക്ഷിക്കുന്നതുമാണ്.

ശ്രീ. കെ. രാഘവൻ മാസ്റ്റർ: കൊണ്ട റെഡ്ഡി എന്നു പറയുന്ന വിഭാഗം നമ്മുടെ സംസ്ഥാനത്തെ ധനിക വർഗ്ഗമാണെന്നും അവർ ന്യായമല്ലാത്തരീതിയിൽ ഗവൺമെൻറിന്റെ ആനുകൂല്യങ്ങൾ പിടിച്ചു പററിയിട്ടുണ്ടെന്നും മനസിലാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഇതു കണക്കിലെടുത്തുകൊണ്ട് ആ ആനുകൂല്യങ്ങൾ തിരിച്ചുപിടിക്കുവാൻ ഗവൺമെൻറ് നടപടി സ്വീകരിക്കുമോ?

ശ്രീ. ദാമോദരൻ കാളാശ്ശേരി: തീർച്ചയായും അതിനെക്കുറിച്ച് അന്വേഷിച്ച് വേണ്ട നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. കെ. പി. രാമൻ: നമ്മുടെ സംസ്ഥാനത്ത് തെക്കു ഭാഗത്തുള്ള ചില സമുദായങ്ങളെ പട്ടിക ജാതിക്കാരുടെ ലിസ്റ്റിൽ ഉൾപ്പെടുത്തി വേണ്ട ആനുകൂല്യങ്ങൾ നൽകുകയും ഇതേ സമുദായത്തിൽപെട്ട മലബാർ ഭാഗത്തുള്ള വിഭാഗങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ ആനുകൂല്യങ്ങൾ നൽകാതിരിക്കുകയും ചെയ്യുന്നു. അതുകൊണ്ട് ഈ വിവേചനം അവസാനിപ്പിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

ശ്രീ. ദാമോദരൻ കാളാശ്ശേരി: മലബാർ പ്രദേശത്ത് ഉള്ള ഈഴവ. തിയ്യ സമുദായത്തിൽ പെട്ടവർ പട്ടികജാതിയിൽ പെട്ടവരാണെന്നു തെളിയിച്ചുകൊണ്ട് ചില ആനുകൂല്യങ്ങൾ വാങ്ങിയിട്ടുള്ളതായി തെളിഞ്ഞിട്ടുണ്ട്. അതിൻമേൽ വേണ്ട നടപടി എടുക്കുന്നതിനെക്കുറിച്ച് ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തോമസ് ജോസഫ്: മലബാർ പ്രദേശത്ത് പട്ടികവർഗ്ഗക്കാർക്ക് കിട്ടിക്കൊണ്ടിരിക്കുന്ന എല്ലാ ആനുകൂല്യങ്ങളും മതം മാറിയ ആളുകൾക്കും കിട്ടിക്കൊണ്ടിരുന്നു. അടിയന്തിരാവസ്ഥകാലത്ത് ആ ആനുകൂല്യങ്ങൾ പിൻവലിച്ച വിവരം ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് പുനഃസ്ഥാപിക്കുവാൻ തയ്യാറാകുമോ?

ശ്രീ. ദാമോദരൻ കാളാശ്ശേരി: അതിനെക്കുറിച്ച് അടിയന്തിരമായ പരിശോധനകൾ നടത്തിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. വി. ഈച്ചരൻ: കേന്ദ്ര സർവീസിലുള്ള പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് ഈ സംസ്ഥാനത്ത് ഉള്ളതോ അല്ലെങ്കിൽ മറ്റു സംസ്ഥാനങ്ങളിൽ ഉള്ളതോ ആയ ആനുകൂല്യങ്ങൾ നൽകാറുണ്ടോ? അങ്ങനെയാണെങ്കിൽ എത്ര കൊല്ലം അവിടെ സ്ഥിരതാമസം ഉള്ളവർക്കാണ് ആ ആനുകൂല്യം നൽകുന്നത്?

ശ്രീ. ദാമോദരൻ കാളാശ്ശേരി: അന്യസംസ്ഥാനത്തുനിന്ന് പട്ടികജാതി-പട്ടികവർഗ്ഗത്തിൽപെട്ടവർ ഈ സംസ്ഥാനത്തു വന്നാൽ അവരെ പട്ടികജാതി-പട്ടികവർഗ്ഗക്കാരായി പരിഗണിക്കപ്പെടുന്നതല്ല. അതിനെക്കുറിച്ച് ഇൻഡ്യാ ഗവൺമെൻറിന്റെ നിർദ്ദേശമുണ്ട്. അതിന്റെ വെളിച്ചത്തിലാണ് നടപടികൾ സ്വീകരിക്കുന്നത്.

ശ്രീ. സേവ്യർ അറയ്ക്കൽ: ബോഗസ് സർട്ടിഫിക്കറ്റ് വാങ്ങി പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ ആനുകൂല്യം നേടിയെടുക്കുമ്പോൾ അങ്ങനെ സർട്ടിഫിക്കറ്റ് കൊടുക്കുന്ന ഉദ്യോഗസ്ഥന്റെ പേരിൽ വേണ്ട കർശന നടപടി എടുക്കുമോ; ഇപ്രകാരം അവർ നേടിയെടുത്ത സംഖ്യ ഈടാക്കുവാൻ നടപടി എടുക്കുമോ?

ശ്രീ. ദാമോദരൻ കാളാശ്ശേരി: തീർച്ചയായും അവരുടെമേൽ നടപടി എടുക്കുന്നതായിരിക്കും.

ശ്രീ. എം. കെ. കേശവൻ: നമ്മുടെ സംസ്ഥാനത്ത് ഇപ്പോഴുള്ളതിനേക്കാൾ എത്രയെല്ലാം വിഭാഗത്തെകൂടിയാണ് പട്ടികജാതി ലിസ്റ്റിൽ പെടുത്തണമെന്ന് കേന്ദ്രഗവൺമെൻറിനോട് ശുപാർശ ചെയ്തിട്ടുള്ളതെന്ന് പറയാമോ?

ശ്രീ. ദാമോദരൻ കാളാശ്ശേരി: പ്രത്യേക നോട്ടീസ് വേണം.

ശ്രീ. ഇ.പി. ഗോപാലൻ: തണ്ടാൻ സമുദായത്തെ ഷെഡ്യൂൾഡ് കാസ്റ്റിൽ പെടുത്തുകയും ആനുകൂല്യങ്ങൾ കിട്ടുകയും ചെയ്യുന്നുണ്ട്. എന്നാൽ മറ്റു ചിലരും കൂടി ഇതിൽ വന്നുകൂടുന്നതുകൊണ്ട് ഇവർക്ക് ദോഷം തട്ടാതിരിക്കുവാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. ദാമോദരൻ കാളാശ്ശേരി: മലബാർ പ്രദേശത്ത് തണ്ടാർ സമുദായത്തിൽപെട്ടവർ പട്ടികജാതിയിൽ പെട്ടവരാണ്. തിരു.കൊച്ചി പ്രദേശത്ത് രാജവാഴ്ചക്കാലത്ത് പ്രമാണിമാരായ ഈഴവരെ തണ്ടാൻമാർ എന്നുള്ള സ്ഥാനപ്പേരിൽ അറിയപ്പെട്ടിരുന്നു. എന്നാൽ ആ തണ്ടാൻമാർക്ക് മേൽപറഞ്ഞ തണ്ടാൻമാരുടെ ആനുകൂല്യം കിട്ടുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. പി. ഗോവിന്ദൻ നമ്പ്യാർ: കണ്ണൂർ ജില്ലയിലെ ഗിരിവർഗ്ഗത്തിൽപെട്ട പണിയ വിഭാഗത്തിന് മാത്രമേ പട്ടികവർഗ്ഗത്തിന്റെ ആനുകൂല്യം കിട്ടുന്നുള്ളു. എന്നാൽ മാവലൻമാർക്കും കരിമ്പാലൻമാർക്കും ഈ ആനുകൂല്യം കൊടുക്കുവാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. മാണിക്യൻ കാളാശ്ശേരി: അതിനെക്കുറിച്ച് പരിശോധിക്കാം.

കെ. എസ്. ആർ. ടി. സി. കൈകാര്യം ചെയ്യുന്ന ഗതാഗത സർവ്വീസുകൾ

* 257 [272] ശ്രീ. ത്യാഗരാജൻ:

ശ്രീ. കല്ലട നാരായണൻ:

ശ്രീ. എ. വി. താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പൊതു ഗതാഗത സർവ്വീസുകളുടെ എത്ര ശതമാനമാണ് കെ. എസ്. ആർ. ടി.സി. കൈകാര്യം ചെയ്യുന്നത്;

(ബി) സർവ്വീസുകൾ കാര്യക്ഷമമായി നടത്തുന്നതിനുവേണ്ടി എന്തെങ്കിലും പുതിയ പരിപാടികൾ കെ. എസ്. ആർ. ടി. സി. യുടെ സജീവ പരിഗണനയിലുണ്ടോ;

(സി) ഉണ്ടെങ്കിൽ അത് എന്തെന്നു വ്യക്തമാക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ. നാരായണക്കുറുപ്പ്):

(എ) കോർപ്പറേഷൻ 2424 ഷെഡ്യൂളുകൾ സർവ്വീസ് നടത്തുന്നുണ്ട്. ഇത് കേരളത്തിലുള്ള പൊതു ഗതാഗത സർവ്വീസുകളുടെ എത്ര ശതമാനം എന്നു കൃത്യമായി കണക്കാക്കുവാൻ നിർവ്വാഹമില്ല. ഉദ്ദേശം 30 ശതമാനം ഉണ്ടെന്നാണ് കണക്കാക്കപ്പെടുന്നത്.

(ബി, സി) ഉണ്ട്. സർവ്വീസുകൾ കൂടുതൽ കാര്യക്ഷമമായി നടത്തുന്നതിന് കോർപ്പറേഷനെ മേഖലകളായി വിഭജിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ട്.

ശ്രീ. കല്ലട നാരായണൻ: കെ. എസ്. ആർ. ടി. സി. യിലെ ഉദ്യോഗസ്ഥൻമാർ കൃത്യമായി സർവ്വീസ് നടത്തുന്നില്ലെന്നും പ്രധാനപ്പെട്ട പോയിന്റുകളിൽ ബസ്സുകൾ നിറുത്തുന്നില്ലെന്നുമുള്ള പരാതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിൻമേൽ എന്തെങ്കിലും നടപടി ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: ഇതിനെക്കുറിച്ച് ചില പരാതികൾ ലഭിക്കുന്നുണ്ട്. കൃത്യമായി ഷെഡ്യൂൾ നടത്താത്തതിന് കാരണങ്ങൾ പലതുണ്ട്. പഴക്കം ചെന്ന ബസ്സുകളുള്ളതുകൊണ്ട് പലപ്പോഴും ബ്രേക്ക്ഡൗൺ ഉണ്ടാകാറുണ്ട്. പിന്നെ പോയിന്റുകളിൽ നിറുത്താത്തതിനെക്കുറിച്ചും അന്വേഷിച്ചു. അന്വേഷണത്തിൽ ചിലതെല്ലാം പരമാർത്ഥമാണെന്നു തെളിഞ്ഞു. ചിലതിൽ ആളുകളെ കയറ്റാൻ ഇടമുണ്ടെങ്കിലും നിറുത്തിന്നില്ലായെന്നു പരാതികളുണ്ട്. പരാതിയിൻമേൽ അന്വേഷണം നടത്തുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly